

ബോബ് ഡിലൻ – വിവ: കെ.പി. ജയശങ്കർ
കവിത

# ഈ കാറ്റിലുണ്ടുത്തരം

എത്രയെത്ര വഴികളൊരാൾ നടക്കണം
നിങ്ങളവനെമനുഷ്യനെന്ന് വിളിക്കുംമുമ്പേ?
എത്രയെത്ര കടലുകൾ ഒരു വെള്ളപ്രാവ് താണ്ടണം
മണലിവൾ ഉറങ്ങുംമുമ്പേ?
അതെ, എത്രയെത്ര തവണ പീരങ്കികൾ ചീറ്റണം
അവ എന്നേക്കുമായ് നിരോധിക്കുംമുമ്പേ?

ഈ കാറ്റിലുണ്ടുത്തരം
തോഴാ, ഉത്തരമീ കാറ്റിലുണ്ട്

അതെ, എത്രയെത്ര വർഷമീ പർവതങ്ങൾ വാഴണം
ഒലിച്ചവ കടലിൽ ലയിക്കുംമുമ്പേ?
അതെ, എത്രയെത്ര കാലം മനുഷ്യരിങ്ങനെകഴിയണം
അവർ സ്വതന്ത്രരാവുംമുമ്പേ?
അതെ, എത്രയെത്ര പ്രാവശ്യമിങ്ങനെമനുഷ്യർ മുഖം തിരിക്കും
ഇതൊന്നും കണ്ടില്ലെന്നു നടിച്ചുകൊണ്ട്?

ഈ കാറ്റിലുണ്ടുത്തരം
തോഴാ, ഉത്തരമീ കാറ്റിലുണ്ട്

അതെ, എത്രയെത്ര തവണ മനുഷ്യൻ നോക്കണം
മേലെ ആകാശമവൻ കാണുംമുമ്പേ?
അതെ, എത്രയെത്ര ചെവികളൊരാൾക്കുണ്ടാകണം
ജനങ്ങളുടെ കരച്ചിലവൻ കേൾക്കുംമുമ്പേ?
അതെ, എത്രയെത്ര മരണം കഴിഞ്ഞാലേ അവനറിയൂ
കൂടുതൽപേർ മരിച്ചുവെന്ന്?

ഈ കാറ്റിലുണ്ടുത്തരം
തോഴാ, ഉത്തരമീ കാറ്റിലുണ്ട്



ആയിരത്തിതൊള്ളായിരത്തി അറുപത്തിമൂന്നിലെ ബോബ് ഡിലന്റെ (സാഹിത്യത്തിൽ നോബൽ സമ്മാനം 2016) ഈ പ്രസിദ്ധ ഗാനം 'Blowin in the Wind' അമ്പതിലേറെ വർഷങ്ങൾക്കു ശേഷവും പ്രസക്തമാണ്, പ്രത്യേകിച്ചും ഇന്നത്തെ ഇന്ത്യയിൽ

Scanned with CamScanner